പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2785 10.12.2014 ന് മറുപടിയ്ക്ക്.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ് :<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. പി.എ. മാധവൻ :<br>ശ്രീ. എ.റ്റി ജോർജ്ജ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ വിവിധ മേഖലയിൽ തൊഴിൽ നൈപുണ്യം സൃഷ്ടിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ എന്ന സ്ഥാപനത്തെ എപ്രകാരം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് കൺസ്ട്രക്ഷൻ മേഖലയിലെ തൊഴിലാളികൾക്കും പ്രൊഫഷണലുകൾക്കും വിദഗ്ധ തൊഴിൽ പരിശീലനം നൽകി, കൺസ്ട്രക്ഷൻ രംഗത്ത് പ്രത്യേക വൈദഗ്ധ്യമുള്ള തൊഴിലാളികളെയും പ്രൊഫഷണലുകളെയും വാർത്തെടുത്ത് ആവശ്യാനുസരണം സംഭാവന ചെയ്യുക വഴി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC) എന്ന സ്ഥാപനത്തെ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നു. |
| (ബി) സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ ? | (ബി) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC) മുഖേന ആധുനിക ലോകത്ത് കൺസ്ട്രക്ഷൻ മേഖലയിൽ ആവശ്യമായ പ്രത്യേക വൈദഗ്ധ്യമുള്ള തൊഴിലാളികളെയും, പ്രൊഫഷണലുകളെയും വാർത്തെടുക്കുകയും അവർക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം. ടി സ്ഥാപനത്തിന്റെ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ